# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *380** — **19.03.2018-ൽ മറുപടിയ്ക്ക്**

## കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>,, വി. കെ. സി. മമ്മത് കോയ<br>,, എം. മുകേഷ്<br>,, കെ.കുഞ്ഞിരാമൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; റോഡ്-കെട്ടിട നിർമ്മാണത്തിൽ നിലവാരം ഉറപ്പാക്കാനായി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ; | (എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ട്രെയിനിംഗുകളും കാലിക പ്രധാന്യമുള്ള വിഷയങ്ങളിൽ ഗവേഷണം നടത്തുകയും ചെയ്തു വരുന്നു. കൂടാതെ റോഡ് കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധനയും നടത്തി വരുന്നു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും പരിശോധനകൾക്കും ആവശ്യമായ സാങ്കേതിക സഹായവും നൽകി വരുന്നു. ഇവ കൂടാതെ ഐ.ടി.ഐ. എഞ്ചിനീയറിംഗ് കോളേജ്, പോളി ടെക്നിക് കോളേജ് എന്നിവിടങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം/പ്രോജക്ട് ഗൈഡൻസ് ഇവ നൽകി വരുന്നു. |

| | |
|---|---|
| **(ബി)** റോഡ് - കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധനയും നിർമ്മാണ രീതിയിലെ അപാകതകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം ഇടപെടലുകൾ പ്രസ്തുത സ്ഥാപനം നടത്തി വരുന്നെന്ന് അറിയിക്കാമോ; | **(ബി) & (സി)** പൊതുമരാമത്ത് വകുപ്പിൻ കീഴിൽ പുതുതായി രൂപീകരിച്ച ആർ.ഐ ക്യൂ.സി. എൽ (റീജിയണൽ ഇൻവസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറി) ആണ് ഇപ്പോൾ ഗുണ പരിശോധന നടത്തി വരുന്നത്. ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ആർ.ഐ & ക്യൂ.സി.എൽ മേൽ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തിന് കൈമാറും. |
| **(സി)** നവീന സാങ്കേതിക വിദ്യകളും നിർമ്മാണ രീതികളും എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും പരിചയപ്പെടുത്തുന്നതിനായി പരിശീലനം നൽകി വരുന്നുണ്ടോ ; ഇത് മൂലം പൊതു കെട്ടിടങ്ങളുടെ നിർമ്മാണ രീതിയിൽ കാലികമായ മാറ്റം വരുത്തൽ സാധ്യമാകുന്നുണ്ടോയെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ